## സെമസ്റ്റർ രണ്ട്

മലയാള നോവൽ

ML010204

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. സാറാ ജോസഫിന്റെ ആദ്യനോവലേത്?
   a) ഒതപ്പ് b) പാപത്തറ c)ആലാഹയുടെ പെൺമക്കൾ

2. ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിന്റെ പ്രാരംഭത്തിൽ കടന്നുവരുന്ന സ്ഥലം?
   a) തറസാക്ക് b) കൂമൻകാവ് c) ചെതലിമല

3. എം.ടി.വാസുദേവൻനായർ രചിച്ച ആദ്യനോവലേത്?
   a) നാലുകെട്ട് b) കാലം c) മഞ്ഞ്

4. കുബേരൻ നമ്പൂതിരിയുടെ മകളുടെ പേരെന്ത്?
   a) സരസ്വതി b) സുജാത c) സുഭദ്ര

5. ചന്തുമേനോന്റെ അപൂർണ്ണമായ നോവലേത്?
   a) മീനാക്ഷി b) കുന്ദലത c) ശാരദ

6. സെബാന്റെ സഹോദരിയുടെ പേരെന്ത്?
   a) സിന്ധു b) സീന c) ബിന്ദു

7. ഉറൂബ് എന്ന തൂലികാനാമത്തിൽ എഴുതുന്നതാര്?
   a) പി.സി.കുട്ടികൃഷ്ണൻ b) പി.ജെ.കുഞ്ഞികൃഷ്ണൻ c) പി.എസ്.കുട്ടികൃഷ്ണൻ

8. "മരിച്ചു പോയവരുടെ ചിന്തകളിൽ അവർ മരിക്കുന്ന നിമിഷം വരെയുള്ള കാര്യങ്ങളേ ഉള്ളൂ" ഏതു കഥാപാത്രത്തിന്റെ ആലോചനയാണത്?
   a) രവി b) നാറാപിള്ള c) ചാപ്പുണ്ണിനായർ

9. "സത്യസന്ധനാണ്, തെണ്ടിയുമാണ് അതുകൊണ്ട് എട്ടുത്തുചാട്ടക്കാരനുമല്ല"- ആരെക്കുറിച്ചാണ് സർ ചാത്തു ഇങ്ങനെ പരാമർശിക്കുന്നത്?
   a) ചോലക്കോടൻ ശങ്കരമേനോൻ b) വാരിക്കുന്നൻ നാണുനായർ c) ശിവശങ്കരൻ

10. ഇരട്ടക്കാള റോൾസ്, ഡ്രൈവൻ, ചപ്ലീസാക്കുക മുതലായ പ്രയോഗങ്ങൾ നോവലിൽ സ്വീകരിച്ച എഴുത്തുകാരൻ ആര്?
    a) ബഷീർ b) വി.കെ.എൻ. c) ഒ.വി. വിജയൻ

11. നഗരവധു എന്ന നാടകം ഏത് നോവലുമായി ബന്ധപ്പെടുന്നു?
    a) ഖസാക്കിന്റെ ഇതിഹാസം b) പിതാമഹൻ c) വ്യാസനും വിഘ്നേശ്വരനും

12. ആനന്ദ് എന്ന നോവലിസ്റ്റിന്റെ യഥാർത്ഥ പേര്?

a) കെ.സച്ചിദാനന്ദൻ b) പി.സച്ചിദാനന്ദൻ c) വി.സച്ചിദാനന്ദൻ

13. ഏത് ജനപദങ്ങൾ തമ്മിലുള്ള ആഭ്യന്തരകലഹമാണ് വ്യാസനും വിഘ്നേശ്വരനും എന്ന നോവലിൽ കടന്നു വരുന്നത്?
a) വജ്ജി-മഗധ b) ഗാന്ധാരം-ഭാരദ c) കംബോജം-മഗധ

14. "വിദ്യ അറിവു മാത്രമല്ല ശാശ്വതമായ അനുഭവംകൂടിയാണ്. അഭ്യാസം മാത്രമല്ല സംസ്കരണം കൂടിയാണ്"- ആരുടേതാണീ വാക്കുകൾ?
a) അഭിമന്യുവിന്റെ b) സദാശിവ് ജോഷിയുടെ c) ധർമ്മാധികാരിയുടെ

15. "വെളിച്ചത്തിനെന്തൊരു വെളിച്ചം" ആരുടെ വാക്കുകൾ?
a) ആയിഷ b) കുഞ്ഞിപ്പാത്തുമ്മ c) നിസ്സാർ അഹമ്മദ്

16. സി.വി.യുടെ ചരിത്രാഖ്യായികകളിൽ ഉൾപ്പെടാത്ത കൃതിയേത്?
a) മാർത്താണ്ഡവർമ്മ b) ധർമ്മരാജ c) പ്രേമാമൃതം

17. ഹരിപഞ്ചാനനൻ തനിക്കു തുല്യമായ ശക്തിയുള്ള ശത്രു എന്നു തിരിച്ചറിഞ്ഞതാരെ?
a) ചന്ദ്രക്കാരൻ b) കേശവപിള്ള c) രാമവർമ്മരാജ

18. കണക്കുതമ്പി ചെമ്പകരാമൻ എന്ന സ്ഥാനം ആർക്കാണ് മഹാരാജാവ് നൽകിയത്?
a) കേശവപിള്ള b) കളപ്രാക്കോട്ടത്തമ്പി c) കേശവൻകുഞ്ഞ്

19. ആലാഹയുടെ പെൺമക്കൾ എന്ന നോവലിൽ കടന്നുവരുന്ന പ്രദേശം ഏത്?
a) കുരിയഞ്ചിറ b) കോക്കാഞ്ചിറ c) ചേലക്കാട്ടുകര

20. ഒറോതയുടെ ബാല്യകാല സുഹൃത്താര്?
a) കുഞ്ഞുവർക്കി b) ഗോപാലകൃഷ്ണൻ c) മുത്തുകൃഷ്ണൻ

21. വത്സലയുടെ നോവലേത്?
a) വയൽച്ചൂര് b) കൂമൻകൊല്ലി c) കാട്

22. ഉമ്മാച്ചുവെന്ന നോവലിലെ ചരിത്രകാരനാര്?
a) ചേക്കുട്ടി b) അഹമ്മദുണ്ണി c) രാരിച്ചൻ

23. "പമ്പരം പോലത്തെ പെണ്ണ്" – ആരെക്കുറിച്ചാണീ പരാമർശം?
a) ഒറോത b) ഇന്ദുലേഖ c) ചിന്നമ്മു

24. നിസാർ അഹമ്മദിന്റെ സഹോദരിയുടെ പേരെന്ത്?
a) പാത്തുമ്മ b) ആയിഷ c) ഫാത്തിമ

25. സുഭാഷ് ചന്ദ്രന്റെ നോവലേത്?
a) മനുഷ്യനൊരു സാഗരം b) സൂര്യശില c) നിരീശ്വരൻ

26. “പെണ്ണ പോന്നോളാ കുടിപരിക്കും” – ആരുടെ വാക്കുകളാണിത്?
a) ബീരാൻ b) അത്തറലി c) ചേക്കുട്ടി മുതലാളി

27. “പൂർണ്ണവളർച്ചയെത്തുംമുമ്പ് മരിച്ചുപോകുന്ന ഒരേയൊരു ജീവിയാണ് മനുഷ്യൻ” - ആരുടെ നോവലിലെ വരികളാണിവ?
a) സുഭാഷ്ചന്ദ്രൻ b) ആനന്ദ് c) ഒ.വി.വിജയൻ

28. “എന്തൊരു മനസ്സാ ആ സ്ത്രീയുടെ മനസ്സ്. അതു വെണ്ണയോ കല്ലോ?” – ഏതു സ്ത്രീയെക്കുറിച്ചാണ് പരാമർശം?
a) ഒറോത b) ഉമ്മാച്ചു c) സുഭദ്ര

29. തകഴിയുടെ നോവലേത്?
a) ഏണിപ്പടികൾ b) പാണ്ഡവപുരം c) അഗ്നി

30. ചാഞ്ചൻ വല്യച്ചനേയും കണ്ണമ്മയേയും ഇറാനിമോസ് കണ്ടുമുട്ടുന്നത് എവിടെ വച്ച്?
a) അർത്തുങ്കൽ b) വെട്ടിക്കൽ c) ചേർപ്പുങ്കൽ

31. കാശിയിൽ വച്ച് കുബേരൻ നമ്പൂതിരി കണ്ടുമുട്ടുന്ന സംസ്കൃതപണ്ഡിതനാര്?
a) രാമദാസപണ്ഡിതൻ b) ശിവദാസപണ്ഡിതൻ c) ശംഖശർമ്മൻ നമ്പൂതിരി

32. കരിക്കോട്ടക്കരി എന്ന നോവൽ രചിച്ചതാര്?
a) ബിനോയ് തോമസ് b) ബിനോയ് ജോസഫ് c) വിനോയ് തോമസ്

33. “സ്വാതന്ത്ര്യം നഷ്ടപ്പെട്ടാൽ എല്ലാം പൂജ്യം മാത്രമാണ്”” ഏതു നോവലിലെ വരികളാണിവ?
a) മനുഷ്യനൊരാമുഖം b) രണ്ടിടങ്ങഴി c) കാലം

34. വി.കെ.എന്നിന് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ച വർഷം?
a) 1978 b) 1969 c) 1982

35. പിതാമഹൻ എന്ന നോവലിൽ അരി കത്തിച്ച കഥാപാത്രമാര്?
a) ശങ്കരമേനോൻ b) ചാത്തുനായർ c) രാമൻമേനോൻ

36. “ഞാൻ വിദ്യയെ ബലികൊടുത്തവന്റെ ബിംബം. നീ വിദ്യയാൽ വഞ്ചിക്കപ്പെട്ടവന്റെയും”. ആരുടെ വാക്കുകളാണിത്?
a) ഏകലവ്യൻ b) അഭിമന്യു c) ധർമ്മാധികാരി

37. അംബപാലികയുടെ കഥ പ്രമേയമായി വരുന്ന നോവലേത്?
a) വ്യസനം വിശ്ലേശ്വരനം b) ഖസാക്കിന്റെ ഇതിഹാസം c) പിതാമഹൻ

38. സരസ്വതീ വിജയം പ്രസിദ്ധീകരിച്ച വർഷം?
a) 1889 b) 1882 c) 1884

39. ഇന്ദുലേഖ വായനയുടെ ദിശകൾ എന്ന പുസ്തകത്തിന്റെ എഡിറ്റർ ആര്?
a) ഇ.പി. രാജഗോപാലൻ b) പി.കെ. രാജശേഖരൻ c) ഡോ.സി.ആർ. പ്രസാദ്

40. ധർമ്മരാജ പ്രസിദ്ധീകരിച്ച വർഷം?
a) 1914 b) 1913 c) 1912

41. ദൈവനീതിക്ക് ദാക്ഷണ്യമില്ല – ആരുടെ കൃതി?
a) സി.വി. രാമൻപിള്ള b) ഡോ.കെ.ഭാസ്കരൻനായർ c) എൻ. കൃഷ്ണപിള്ള

42. നവലങ്കാനാഥൻ എന്ന വിശേഷണം ആരെക്കുറിച്ച്?
a) ചന്ത്രക്കാരൻ b) ഹരി പഞ്ചാനനൻ c) മാമാവെങ്കിടൻ

43. മലയാളനോവൽ സാഹിത്യചരിത്രം എഴുതിയതാര്?
a) എം.അച്യുതൻ b) കെ.എം.തരകൻ c) ജോർജ്ജ് ഇരുമ്പയം

44. മാറുന്ന മലയാളനോവൽ ആരുടെ കൃതിയാണ്?
a) കെ.പി.അപ്പൻ b) പി.കെ. രാജശേഖരൻ c) ജോർജ്ജ് ഇരുമ്പയം

45. "സങ്കടങ്ങൾക്ക മേൽ അതു പടർന്നു ഇപ്പോൾ അതിന്മേൽ പൂക്കാലം" എന്തിനെക്കുറിച്ചാണ് പരാമർശം?
a) നിശാഗന്ധി b) അമരവള്ളി c) മുല്ലവള്ളി

46. ഖസാക്കിന്റെ ഇതിഹാസം പ്രസിദ്ധീകരിച്ച വർഷം?
a) 1965 b) 1969 c) 1967

47. ഭീമസേനൻ പ്രധാന കഥാപാത്രമായി വരുന്ന നോവൽ?
a) പാണ്ഡവപുരം b) രണ്ടാമൂഴം c) ഇനി ഞാനുറങ്ങട്ടെ

48. കാലം എന്ന നോവലിലെ പ്രധാന കഥാപാത്രമാര്?
a) രവി b) സേതു c) വിമല

49. ചാത്തുമ്മയുടെ മകന്റെ പേരെന്ത്?
a) കുഞ്ഞുനൂറ b) ചാത്തുമുത്തു c) വാവർ

50. കരിക്കോട്ടക്കരി എന്തിന്റെ പേരാണ്?
a) കുടുംബം b) ദേശം c) പുഴ

51. ചന്തുമേനോന്റെ പൂർണ്ണനാമം?
a) ഒയ്യാരത്ത് ചന്തുമേനോൻ b) ഒയ്യാലത്ത് ചന്തുമേനോൻ c) ഓണക്കാവ് ചന്തുമേനോൻ

52. സി.വി.രാമൻപിള്ളയുടെ നോവലേത്?
a) പഴശ്ശിരാജ b) രാമരാജ ബഹദൂർ c) വേലുത്തമ്പി ദളവ

53. സൂരിനമ്പൂതിരിപ്പാടിന്റെ സുഹൃത്താര്?
a) കേശവൻ നമ്പൂതിരി b) ചെറുശ്ശേരി നമ്പൂതിരി c) ശങ്കരശാസ്ത്രികൾ

54. ചാഞ്ചൻ വല്യച്ചനേയും കണ്ണമ്മയേയും ഇറാനിമോസ് കണ്ടുമുട്ടുന്നത് എവിടെവച്ചാണ്?
a) അർത്തുങ്കൽ b) വെട്ടിക്കൽ c) ചേർപ്പുങ്കൽ

55. ഉമ്മാച്ചുവിന്റെ ആദ്യഭർത്താവാര്?
a) മായൻ b) അബ്ദു c) ബീരാൻ

56. പെണ്ണെഴുത്തെന്ന വാക്ക് സാറാ ജോസഫിന്റെ ഏതു കൃതിയുടെ അവതാരികയിലാണ് കടന്നുവന്നത്?
a) നിലാവ് അറിയുന്നു b) മാറ്റാത്തി c) പാപത്തറ

57. കാക്കനാടൻ എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന എഴുത്തുകാരൻ?
a) തമ്പിവർഗ്ഗീസ് b) ജോർജ്ജ് ജോസഫ് c) ജോർജ്ജ് വർഗ്ഗീസ്

58. ഒ.വി.വിജയന്റെ നോവലേത്?
a) ഗുരുപൂർണ്ണിമ b) ഗുരുസാഗരം c) പ്രവാചകഗീതം

59. വത്സലയുടെ ആദ്യനോവൽ ഏത്?
a) ആഗ്നേയം b) ഗൗതമൻ c) നെല്ല്

60. സരസ്വതിവിജയത്തിന്റെ കർത്താവാര്?
a) സി.വി.രാമൻപിള്ള b) കോളിൻസ് c) പോത്തേരി കുഞ്ഞമ്പു

61. ഇന്ദുലേഖയുടെ രചനയ്ക്ക് കാരണമായതെന്ന് ചന്തുമേനോൻ പരിചയപ്പെടുത്തുന്ന കൃതി?
a) ഹെൻറിയിട്ട് ടെംപൾ b) ഒലിവർ ട്വിസ്റ്റ് c) ഒഥല്ലോ

62. പ്രതിപാത്രം ഭാഷണഭേദം – ആരുടെ കൃതി?
a) പ്രൊഫ.എൻ.കൃഷ്ണപിള്ള b) പ്രൊഫ.എം.കെ.സാനു c) ഡോ.ഡി.ബഞ്ചമിൻ

63. ധർമ്മരാജ ഇംഗ്ലീഷ് ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്തതാര്?
a) കെ.സച്ചിദാനന്ദൻ b) ജി.എസ്.അയ്യർ c) ഉള്ളൂർ

64. കേശവചന്ദ്ര സെൻ ഏത് കൃതിയിലെ കഥാപാത്രം?
a) ഇന്ദുലേഖ b) കുന്ദലത c) ധർമ്മരാജ

65. "എന്റെ ദുഷ്കൃത്യത്തിന് പരമാവധിയായുള്ള ദണ്ഡനത്തെ ദർശനം ചെയ്തു" – ആര്?
a) അരത്തമ്മപ്പിള്ള തങ്കച്ചി b) ഭഗവതിയമ്മ c) മീനാക്ഷി

66. "അങ്ങനെ ആറടി സ്ഥലം കൂടി കിട്ടാതെ ആ സേവനചരിത്രം അവസാനിച്ചു" – സൂചിതമെന്ത്?
a) കോരന്റെ വിപ്ലവം b) വെളുത്തയുടെ മരണം c) കുഞ്ഞപ്പിയുടെ മതംമാറ്റം

67. ധർമ്മരാജ എന്ന ആഖ്യായിക സമർപ്പിച്ചിരിക്കുന്നത് ആർക്കാണ്?
a) മാർത്താണ്ഡവർമ്മ b) ശ്രീ പത്മനാഭൻ c) ശ്രീമൂലം തിരുനാൾ രാമവർമ്മ

68. "ഈ കാര്യത്തിൽ അതത്ര അന്വേഷിക്കേണ്ട സംഗതിയായി ആരും വെച്ചിരുന്നില്ല" –

എന്തിനെക്കുറിച്ചാണ് പരാമർശം
a) കല്യാണക്കാര്യത്തിൽ പെണ്ണിന്റെ അഭിപ്രായം b) കൂലി നിശ്ചയിക്കുന്നതിൽ അടിയാന്റെ താല്പര്യം c) പെൺപണം നിശ്ചയിക്കുന്നതിലെ സാമൂഹികമാനം

69. "ഈ പറേരും പെലേരുമില്ലെങ്കില് എങ്ങനെ പുഞ്ചക്കണ്ടം കൃഷി നടക്കുന്നെ?" – ആരുടെ വാക്കുകൾ?
a) ചേന്നൻ b) കോരൻ c) കുഞ്ഞപ്പി

70. "പെൺകിടാങ്ങളുടെ കൈവണ്ണകളിൽ പച്ചകുത്തും. നെറ്റിയിലും മൂക്കിന്മേലും പച്ചമഷി കൊണ്ട് ചിത്രപ്പണി ചെയ്യും" – ആരെക്കുറിച്ചാണീ പരാമർശം?
a) മാര b) കുറുമാട്ടി c) വാരസ്യാര്

71. "ഞാനിനി ജീവിക്കുന്നത് ഈ നാടിനുവേണ്ടിയാണ്" - ആരുടെ വാക്കുകൾ?
a) ഒറോത b) രാഘവൻനായർ c) ആനി

72. വി.കെ.എൻ. എന്നറിയപ്പെടുന്ന നോവലിസ്റ്റ്?
a) വടക്കേ കൂട്ടാല നാണു നായർ b) വടക്കേ കൂട്ടാല നാരായണൻകുട്ടി നായർ
c) വാര്യത്ത് കുഞ്ഞുനായർ

73. ബംഗാളിലെ നൂൽനൂൽപ്പുകാർ ബ്രിട്ടീഷ് ഭരണമേധാവിത്തത്തോട് പ്രതിരോധിച്ചതെങ്ങനെ?
a) ഗ്രാമങ്ങളിൽ നിന്ന് ഒഴിഞ്ഞുപോയി b) തള്ളവിരൽ മുറിച്ചുകൊണ്ട്
c) കൂടുതൽ ഉൽപ്പാദനം നടത്തി

74. താഴെ പറയുന്നവയിൽ വി.കെ.എന്നിന്റെ കൃതിയല്ലാത്തത് ഏത്?
a) നാണ്വാര് b) പെൺപട c) യാത്രാമുഖം

75. വി.കെ.എൻ ഭാവനയെ പ്രകാശഗോപുരമായി അടയാളപ്പെടുത്തുന്ന 'കോമാളിയുഗത്തിലെ പുരുഷഗോപുരങ്ങൾ' എന്ന ലേഖനം ആരുടേതാണ്?
a) കെ.എം.നരേന്ദ്രൻ b) ബി.പ്രസന്നകുമാർ c) കെ.പി.അപ്പൻ

76. ഒറോത എന്ന നോവലിലെ പ്രധാന പ്രമേയമെന്ത്?
a) മലബാർകുടിയേറ്റം b) ജന്മി-കുടിയാൻ കലഹം c) ചാന്നാർലഹള

77. പി.വത്സല മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്ന ആത്മകഥയുടെ പേര്?
a) കിളികരയുംകാലം b) വയനാടിന്റെ ആത്മഗീതം c) കിളിക്കാലം

78. ഞാറ്റുപുരയുടെ ഉടമസ്ഥനാര്?
a) ശിവരാമൻ നായർ b) അലിയാർ c) രാമൻ നായർ

79. വെളുത്ത തമ്പുരാന്റെ പേരെന്ത്?
a) ദിവാകരൻ നായർ b) രാഘവൻ നായർ c) കിട്ടുവാര്യർ

80. സ്മാർത്തവിചാരം വിഷയമാകുന്ന നോവൽ?

a) ഇന്ദുലേഖ b) സരസ്വതീവിജയം c) ധർമ്മരാജ

81. ഇന്ദുലേഖയിലെ പതിനെട്ടാം അധ്യായത്തിന്റെ തലക്കെട്ടേത്?
a) ശാസ്ത്രവിചാരം b) ഒരു സംഭാഷണം c) ഒരു സംവാദം

82. രാജാ കേശവദാസ് ധർമ്മരാജായിൽ കഥാപാത്രമാകുന്നത് ഏതുപേരിൽ?
a) കേശവപിള്ള b) കേശവനുണ്ണിത്താൻ c) കേശവയ്യൻ

83. "അങ്ങേ ആത്മാവിന്റെ കണ്ണുപൊത്താതെ ഉത്തരം പറയണം" പടത്തലവൻ ആരോടാണ് ഇങ്ങനെ പറഞ്ഞത്?
a) ഹരിപഞ്ചാനനൻ b) ഉണ്ണിത്താൻ c) കേശവപിള്ള

84. "ഗ്രാമചത്വരത്തിൽ അവരൊന്നിച്ചുകാത്തിരുന്നു" – ആരെ?
a) രവിയെ b) ചിന്നമ്മുവിനെ c) ഒറോതയെ

85. "പുലയർ തൊട്ടതെല്ലാം നൂറു മേനി. അതുവരെ അവർ അറിയാത്ത ആഹ്ലാദമായിരുന്നു അത്" – ഏതു നോവലിലെ വരികളാണിത്?
a) രണ്ടിടങ്ങഴി b) ആലാഹയുടെ പെൺമക്കൾ c) കരിക്കോട്ടക്കരി

86. മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ അസിസ്റ്റന്റ് എഡിറ്ററായ നോവലിസ്റ്റ്?
a) സാറാ ജോസഫ് b) സുഭാഷ് ചന്ദ്രൻ c) ആനന്ദ്

87. കാക്കനാടന്റെ നോവലേത്?
a) കാളിയമർദ്ദനം b) വസൂരി c) തൃഷ്ണമേഖല

88. "ബ്രാഹ്മണ്യത്തിന് തീ കൊളുത്തിയ നോവൽ" എന്ന വിശേഷണം സരസ്വതീവിജയത്തിന് നല്കിയതാര്?
a) എ.ടി.മോഹൻരാജ് b) എൻ.കൃഷ്ണപിള്ള c) പ്രദീപൻ പാമ്പിരിക്കുന്ന്

89. ഇന്ദുലേഖയുടെ പതിനെട്ടാം അധ്യായത്തെ ശിലാഖണ്ഡമെന്ന് വിശേഷിപ്പിച്ച നിരൂപകൻ?
a) കേസരി b) മുണ്ടശ്ശേരി c) എം.പി.പോൾ

90. "ആണങ്ങളില്ലാത്ത കൊറ, വല്യ കൊറ" - ആരുടെ വാക്കുകൾ?
a) ഉമ്മിണിപ്പിള്ള b) ചന്ത്രക്കാരൻ c) മാമാവെങ്കിടൻ

91. "ഇങ്കിരീസ്സു പഠിച്ചിട്ടാണ് ഈ വക ഒന്നും ഇന്ദുലേഖയ്ക്ക് മനസ്സിലാവാത്തത്"– ആരുടെ വാക്കുകൾ?
a) പഞ്ചുമേനോൻ b) ചെറുശ്ശേരി നമ്പൂതിരി c) സൂരിനമ്പൂതിരി

92. നളചരിതഭാഷയിൽ സംസാരിക്കുന്ന കഥാപാത്രമാര്?
a) മാമാവെങ്കിടൻ b) കുപ്പശ്ശാർ c) ഉമ്മിണിപ്പിള്ള

93. കുട്ടിപ്പാപ്പന്റെ പേരെന്താണ് ?
a) ഫ്രാൻസിസ് b) ഇട്ടി c) അന്തോണി

94. "നാട്ടു മറന്നാലും മൂട്ട മറക്കാമോ" – ആരുടെ വാക്കുകൾ?
a) ഉമ്മിണിപ്പിള്ള b) മീനാക്ഷി c) ചന്ത്രക്കാരൻ

95. "കുഞ്ഞാറവും ആനിയും കൂടെ വിക്ടർ റൊസ്സാരിയോയിലേയ്ക്കു പോയി – എന്താണ് വിക്ടർ റൊസ്സാരിയോ?
a) ഹോട്ടൽ b) റൊട്ടിക്കട c) കുറിക്കമ്പനി

96. "കുറുക്ക ഞെരിയെ വേല ചെയ്താൽ വയറു നിറയെ ചോര്" എന്ന് പറയുന്നതാര്?
a) പക്കിർസാ b) കേശവപിള്ള c) കേശവനുണ്ണിത്താൻ

97. ലേഡിഷാറ്റ് എന്ന കഥാപാത്രം പ്രത്യക്ഷപ്പെടുന്ന വി.കെ.എന്നിന്റെ നോവലേത്?
a) പിതാമഹൻ b) ആരോഹണം c) ജനറൽ

98. "സേര്യന് എന്നും ഒരാളോടേ ഇഷ്ടംണ്ടായിരുന്നുള്ളൂ" – ആരുടെ വാക്കുകൾ?
a) സുമിത്ര b) പത്മ c) തങ്കമണി

99. 'സാക്ഷാൽ സിവി' എന്ന കൃതിയുടെ കർത്താവ്?
a) കെ.ശിവശങ്കരൻ നായർ b) എൻ ബാലകൃഷ്ണൻ നായർ c) പി.കെ.പരമേശ്വരൻ നായർ

100. "ശൃംഗാരാവിഷ്കരണം സി.വി.യുടെ ചരിത്രാഖ്യായികകളിൽ" എന്ന കൃതിയുടെ കർത്താവാര്?
a) ഡോ.എം.ലീലാവതി b) കല്പറ്റ ബാലകൃഷ്ണൻ c) ജി.ശങ്കരപ്പിള്ള